# പൊരി വരുത്തിയ വിന- ഒരു ഈസ്റ്ററിന്റെ അനുസ്മരണം

## ഒരു പ്രവാസിയുടെ ഓർമ്മക്കുറിപ്പുകൾ

**തോമസ് കൂവള്ളൂർ**

ന്യൂയോർക്ക്,

അമേരിക്കയിൽ പ്രവാസിയായി കഴിഞ്ഞുകൂടുന്ന എന്റെ ജീവിതത്തിൽ യഥാർത്ഥത്തിൽ നടന്ന ഒരു സംഭവകഥയാണിത്. വെറും തമാശയ്ക്കുവേണ്ടിയോ, ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവരെ കരുതിക്കൂട്ടി തേജോവധം ചെയ്യുക എന്ന ദുരുദ്ദേശത്തോടുകൂടിയോ അല്ല ഞാനിതെഴുതുന്നത്. കഴിഞ്ഞകാലവും ഇന്നും തമ്മിലുള്ള അന്തരം വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനു വേണ്ടി മാത്രമാണ് ഞാനീ സംഭവം തുറന്നെഴുതുന്നത്.

ഈയിടെ എന്റെ സുഹൃത്തും നോവലിസ്റ്റുമായ ജോൺ ഇളമത എഴുതി പ്രസിദ്ധീകരിച്ച 'അന്വേഷണം' എന്ന ചെറുകഥയിൽ ഒരിടത്ത് കേരളത്തെ സദാ പൊറിവിട്ടു നടക്കുന്നവരുടെ നാട് എന്നുവിശേഷിപ്പിച്ചിരിക്കുന്നതു കണ്ടപ്പോൾ എന്നിലെ സത്ത ഉണർന്നു അത്രമാത്രം. വാസ്തവത്തിൽ അതു വായിക്കുന്നതുവരെ പൊറി എന്ന വാക്കു വരെ ഞാൻ മറന്നിരുന്നു.

1950-കളിൽ അതായത് ഇന്നേക്ക് 60-ൽ പരം വർഷങ്ങൾക്കു മുമ്പ് പാലാ രൂപതയിൽപ്പെട്ട എന്റെ ഇടവക പള്ളിയിൽ വച്ചു നടന്ന സംഭവമാണിത്. എനിക്ക് അന്ന് 8 വയസ്സിൽ താഴെ പ്രായം. ആദ്യകുർബ്ബാന സ്വീകരണം എന്ന ചടങ്ങൊക്കെ കഴിഞ്ഞ് ഞാൻ പരിശുദ്ധാത്മാവിന്റെ നിറവിൽ എത്തിനിൽക്കുന്ന സമയം. എന്റെ കുട്ടിക്കാലത്ത് ഞാൻ ഒരു ചിരിക്കുടുക്ക ആയിരുന്നു എന്നു തന്നെ പറയാം. എന്തുകണ്ടാലും പൊട്ടിച്ചിരിക്കും. വളരെ കർക്കശക്കാരനായിരുന്ന എന്റെ പിതാവ് ഞാൻ കാണുന്നതിനെല്ലാം പല്ലുകാട്ടി ചിരിക്കുമ്പോൾ അങ്ങിനെ ചിരിക്കാതിരിക്കാൻ താക്കീതു വരെ നൽകിയിട്ടുണ്ട് എന്ന കാര്യവും ഞാനോർക്കുന്നു.

പിതാവിന്റെ 8 മക്കളിൽ ഏറ്റവും മൂത്തമകനായ എന്നെ നല്ല ശിക്ഷണത്തിലാണ് എന്റെ പിതാവ് വളർത്തിയത്. പ്രത്യേകിച്ച് മതപരമായ കാര്യങ്ങളിൽ വളരെ നിഷ്ക്കർഷയുണ്ടായിരുന്നു അദ്ദേഹത്തിന്. പള്ളിയിൽ എല്ലാ കടമുള്ള ദിവസങ്ങളിലും മുടങ്ങാതെ പോകണമെന്നും, മതപഠനക്ലാസ്സുകളിൽ പങ്കെടുക്കണമെന്നും അദ്ദേഹത്തിനു വളരെ നിർബന്ധമുണ്ടായിരുന്നു. അതിനു വീഴ്ച വരുത്തിയെന്നറിഞ്ഞാൽ ചുട്ട അടിയായിരുന്നു ശിക്ഷ.

ഈസ്റ്റർ കഴിഞ്ഞ ഒരു ഞായറാഴ്ച ആയിരുന്നു അത്. അന്നത്തെക്കാലത്ത് ഇന്നത്തെപ്പോലെയുള്ള യാതൊരു പരിഷ്ക്കാരങ്ങളും ഞങ്ങളുടെ നാട്ടിൽ ഇല്ലായിരുന്നു. പ്രായമായവർ ഒറ്റമുണ്ടുടുത്ത് തോളിൽ ഒരു കച്ച തോർത്തും ധരിച്ചാണ് പള്ളിയിൽ പോകാറുണ്ടായിരുന്നത്. വെളുത്ത ഒറ്റമുണ്ടായിരുന്നതിനാൽ അതിന്റെ അടിയിൽ നീണ്ട വാലുള്ള കോണകം ശരിക്കും കാണാൻ കഴിയും. ഇന്നാണെങ്കിൽ കോണകം ഉടുത്തവരെ കണ്ടാൽ മനുഷ്യർ ചിരിക്കും. അന്നത്തെക്കാലത്ത് അതാർക്കും ഒരു പുതുമ ആയിരുന്നില്ല. ചില കാരണവന്മാർ അക്കാലത്ത് തൊപ്പിപ്പാളയും വയ്ക്കാറുണ്ടായിരുന്നു. അന്നത്തെക്കാലത്ത് തൊപ്പിപ്പാളയ്ക്കകത്താണ് മുറുക്കാനോടൊപ്പം പല കാർന്നോന്മാരും പണവും സൂക്ഷിച്ചിരുന്നത്. പള്ളിയിൽ കയറിക്കഴിയുമ്പോൾ അവർ തൊപ്പിപ്പാള എടുത്ത് തങ്ങൾ ഇരിക്കുന്നതിനടുത്ത് ഊരിവയ്ക്കും.

ഇന്നത്തെപ്പോലെ കടലാസു നോട്ടുകൾ അന്നുണ്ടായിരുന്നില്ല. കാലണ, അരയണ, ഒരണ

അത്രയുമൊക്കെയേ കാർന്നോന്മാർ കൈയിൽ കൊണ്ടുനടക്കുകയുള്ളൂ. ഇന്നത്തെപ്പോലെ റസ്റ്റോറന്റുകളോ, ഷോപ്പിംഗ് സെന്ററുകളോ, എന്തിനേറെ പഞ്ചായത്ത് ആഫീസ് എന്നൊന്നിനെപ്പറ്റി ജനങ്ങൾക്കറിവില്ലാത്ത കാലം. പള്ളിയിൽ നേർച്ചയിടുന്നതിന് കൂടിയാൽ അരയണ മാത്രം മതിയാകും. ഇന്നത്തെപ്പോലെ പിടിച്ചുപറി അന്ന് ഒരുപള്ളികളിലും തന്നെ ഉണ്ടായിരുന്നില്ല. അതേസമയം ഇന്നുപള്ളിയിൽ പോകണമെങ്കിൽ നോട്ടുകെട്ടുകൾത്തന്നെ വേണം. അത്രമാത്രം പിരിവാണ് പള്ളികളിൽ നടക്കുന്നതെന്ന കാര്യം ഞാനിപ്പോൾ ഓർത്തുപോകുന്നു. ഏതായാലും അങ്ങിനെ ഒരു കാലം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു എന്നുള്ളകാര്യം ഇന്നത്തെ യുവതലമുറയ്ക്ക് ചിന്തിക്കാൻ പോലും പ്രയാസമാണ്. എന്തിനേറെ ഇന്നത്തെ ചെറുപ്പക്കാർക്ക് പൊറി എന്താണെന്നു വരെ വിശദീകരിച്ചുകൊടുക്കേണ്ടി വരും.

അക്കാലത്ത് ആൺകുട്ടികൾ നിക്കറും, മുറിക്കൈയ്യൻ ഷർട്ടുമാണ് പൊതുവെ ധരിച്ചിരുന്നത്. മിക്ക കുട്ടികൾക്കും, ഞാനുൾപ്പെടെ, നിക്കറിനടിയിൽ അണ്ടർവെയർ ധരിക്കുന്ന ഏർപ്പാടില്ലായിരുന്നു. അതിനു പ്രത്യേക കാരണങ്ങളുമുണ്ട്. കാരണമെന്തെന്നറിയേണ്ടേ? ചെറുപ്പക്കാരെല്ലാം തന്നെ അക്കാലത്ത് യാതൊരു മറയുമില്ലാതെ വഴിയരികിൽ നിന്നും മൂത്രമൊഴിക്കുന്ന കാലമായിരുന്നത് എന്നതുതന്നെ. ഒരുപക്ഷേ പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതമായിരുന്നതിനാലാവണം ഇന്നത്തെ ശാസ്ത്രത്തിനുപോലും മനസ്സിലാകാത്തവിധത്തിൽ അന്നത്തെ വീടുകളിൽ അഞ്ചും എട്ടും ചില വീടുകളിൽ പത്തും പതിനഞ്ചും വരെ കുട്ടികൾ ഉണ്ടാകാൻ കാരണമെന്നു തോന്നിപ്പോകുന്നു.

അന്നത്തെ പെൺകുട്ടികൾ മിക്കവരും തന്നെ ഞങ്ങളുടെ നാട്ടിൽ കാലുകൾ പൂർണ്ണമായും മറയ്ക്കത്തവിധത്തിൽ നീളം കൂടിയ പാവാടയും പുറവും മാറും പൂർണ്ണമായും മറഞ്ഞിരിക്കത്തക്കവിധത്തിലുള്ള ബ്ലൗസും ധരിച്ചിരുന്നു. അന്നത്തെ പെൺകുട്ടികളധികവും ഞങ്ങളുടെ നാട്ടിൽ കുമ്പാളയാണ് അടിയിൽ ധരിച്ചിരുന്നത്. ഇന്നത്തെപ്പോലെയുള്ള ജീൻസുകളോ, ഫ്രോക്കുകളോ അക്കാലത്ത് ഞങ്ങൾക്ക് ചിന്തിക്കാൻ പോലും പറ്റാത്ത സാധനങ്ങളായിരുന്നു.

കത്തോലിക്കരായ ഞങ്ങളെ അക്കാലത്ത് മതപഠനക്ലാസ്സിൽ പഠിപ്പിച്ചിരുന്നത് ആൺകുട്ടികൾ പെൺകുട്ടികളെ നോക്കരുതെന്നും, പെൺകുട്ടികൾ ആൺകുട്ടികളെയും നോക്കരുതെന്നാണ്. അങ്ങിനെ ആരെങ്കിലും ഒളികണ്ണിട്ടു നോക്കിയാൽ അത് മാരകമായ പാപം ആയിരിക്കുമെന്നും പഠിപ്പിച്ചിരുന്നു. അങ്ങിനെയുള്ളവർ നരകത്തിൽ പോകുമെന്നും അതിൽ നിന്നു രക്ഷ നേടണമെങ്കിൽ എത്രയും വേഗം പുരോഹിതന്റെയടുക്കൽ പോയി പാപം ഏറ്റുപറഞ്ഞ് കുമ്പസാരിക്കണമെന്നും പാപം മേലിൽ ചെയ്യുകയില്ലെന്ന് ഉറപ്പുവരുത്തുകയും വൈദികൻ കല്പിക്കുന്ന ശിക്ഷ ചെയ്യുകയും വേണ്ടിയിരുന്നു. അങ്ങിനെ ചെയ്യാത്തവരെ പാപികളെന്നു മുദ്രയടിച്ച് സമൂഹത്തിൽ ഒറ്റപ്പെടുത്തുകയും അക്കാലത്ത് ചെയ്യുമായിരുന്നു.

അന്നത്തെക്കാലത്ത് ഞങ്ങളുടെ പള്ളിയിൽ ആണുങ്ങളെയും പെണ്ണുങ്ങളെയും വേർതിരിച്ചു നിർത്തത്തക്കവിധത്തിൽ പള്ളിയുടെ മദ്ധ്യത്തിലൂടെ നെടുനീളത്തിൽ ഒരു കയറ്റുപായ് വിരിച്ചിരുന്നു. ആണുങ്ങളും പെണ്ണുങ്ങളും ആ കയറ്റുപായ്ക്ക് ഇരുവശത്തായി നിൽക്കണം. വൈദികൻ ബലി അർപ്പിക്കുന്ന മദ്ബഹായിൽ നിന്നും നോക്കുമ്പോൾ വൈദികന്റെ വലതുവശത്ത് ആണുങ്ങളും, ഇടതുവശത്ത് പെണ്ണുങ്ങളും വരത്തക്കവിധത്തിൽ ആണ് നില്ക്കേണ്ടത്. രണ്ടുകൂട്ടരും ആ കയറ്റുപായ് ക്രോസ് ചെയ്യാനും പാടില്ലത്രേ. കുട്ടികൾ സംസാരിച്ചാൽ അക്കാലത്ത് കടുത്ത ശിക്ഷ കിട്ടിയിരുന്നു. അതേസമയം ഇന്ന് ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ചിരിക്കുകയും സംസാരിച്ചാൽത്തന്നെ ഒന്നും ചെയ്യാൻ വൈദികർക്കു പറ്റാത്തകാലമായി മാറിയിരിക്കുന്നു.

അന്നത്തെക്കാലത്ത് ബൈബിൾ കത്തോലിക്കാമതവിശ്വാസികൾക്ക് അപ്രാപ്യമായിരുന്നു. വൈദികർക്കും അവരുമായി വളരെ അടുത്ത ബന്ധമുള്ളവർക്കും മാത്രമേ അന്ന് ബൈബിൾ ലഭ്യമായിരുന്നുള്ളൂ. വൈദികരെ ദൈവത്തിന്റെ പ്രതിപുരുഷന്മാരായി കരുതിയിരുന്ന കാലം. അക്കാലത്ത് വൈദികർ എന്തു ചെയ്താലും അതിനെ ചോദ്യം ചെയ്യാൻ വിശ്വാസികൾക്ക് പറ്റില്ലായിരുന്നു. ആരെങ്കിലും അന്ന് വൈദിക നേതൃത്വത്തെ ചോദ്യം ചെയ്യാൻ മുമ്പോട്ടുവന്നാൽ അവരെ 'മഹറോൻ' ചൊല്ലിയിരുന്ന ഒരു കാലം. എന്തിനേറെ, വൈദികർ എന്തുപറഞ്ഞാലും അതേപടി അനുസരിക്കാത്തവർക്ക് സഭയിൽ പ്രവേശനമുണ്ടായിരുന്നില്ല. അങ്ങിനെയുള്ളവർ നരകശിക്ഷയ്ക്കു വിധേയരാകുമെന്നായിരുന്നു അന്ന് സഭ പഠിപ്പിച്ചിരുന്നത്. പ്രത്യേകിച്ച് മതപഠനക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്ന കാർമ്മലൈറ്റ് സഭയിൽപ്പെട്ട കന്യാസ്ത്രീകൾ ഞങ്ങളെ പഠിപ്പിച്ചിരുന്നു.

ഇവയ്ക്കെല്ലാം പുറമെ പള്ളിയിൽ കയറിക്കഴിഞ്ഞാൽ ശബ്ദമുണ്ടാക്കാനോ സംസാരിക്കാനോ പാടില്ല എന്ന കർശന നിയമവും അന്നു ഞങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. പള്ളിയിൽ കയറിക്കഴിഞ്ഞാൽ വൈദികൻ ബലിയർപ്പണത്തിനു വരുന്നതുവരെ അൾത്താരയിലേക്കു നോക്കി ശാന്തരായി മുട്ടുകുത്തിനില്ക്കണം.

ഇനി സംഭവത്തിലേക്കു കടക്കട്ടെ. ആ ഞായറാഴ്ച പ്രായമായ, ഏറെക്കുറെ 80 വയസ്സ് തോന്നിക്കുന്ന ഒരു കാരണവർ വെള്ളമുണ്ടുടുത്ത് തോർത്ത് തോളിലിട്ട് ഒരു തൊപ്പിപ്പാളയും വച്ച് പള്ളിയിൽ വന്നിരുന്നു. കണ്ടാൽ നല്ല ആരോഗ്യമുള്ള അരോഗദൃഢഗാത്രനായ ഒരു വയസ്സൻ. അദ്ദേഹം ആരാണെന്നോ ഒന്നും എനിക്കറിഞ്ഞുകൂടാ. ആണുങ്ങളുടെ സൈഡിൽ ഏറ്റവും മുമ്പിൽ ഒരു മൂലയോടു ചേർന്ന് അദ്ദേഹം സ്ഥാനം പിടിച്ചു. അദ്ദേഹത്തിന്റെ എതിർഭാഗത്ത് മുൻനിരയിൽത്തന്നെ കയറ്റുപായോടടുത്ത് കുട്ടികളായ ഞങ്ങൾ മുട്ടുംകുത്തി നിന്നിരുന്നു. കയറ്റുപായുടെ എതിർഭാഗത്ത് പെൺകുട്ടികളും. എല്ലാവരും തന്നെ 8 വയസ്സിനോടടുത്ത് പ്രായമുള്ളവരും.

അൾത്താരയിൽ ദിവ്യബലി അർപ്പിക്കാൻ വൈദികൻ വരാൻ ഏതാനും മിനിറ്റുകൾ മാത്രം. ആ സമയത്ത് പ്രസ്തുത കാരണവർ പള്ളിക്കകം മുഴുവൻ കേൾക്കത്തവിധം മൂന്നു നാലു പൊറി വിട്ടു. പൊറി കേട്ടതേ അതിനടുത്തു തന്നെ നിന്നിരുന്ന എന്റെ കൂടെയുള്ള ആൺകുട്ടികൾ മുഴുവനും ചിരിച്ചു. എന്റെ കാര്യം പറയേണ്ടതില്ലല്ലോ. അപ്പോൾ പുറകിൽ നിന്നും വികാരിയച്ചന്റെ ഇടിമുഴക്കം പോലുള്ള ശബ്ദം. "ആരാടാ പള്ളിയിൽ ചിരിക്കുന്നത്?" ഒരു കഴുകനെപ്പോലെ വികാരിയച്ചൻ ഞങ്ങളുടെ പിറകിൽ നിന്ന് ഞങ്ങളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു എന്ന കാര്യം അപ്പോഴാണ് ഞങ്ങൾ അറിഞ്ഞത്. ചിരിച്ചു എന്നു തോന്നിയ ആൺകുട്ടികളെയെല്ലാം വികാരിയച്ചൻ മദ്ബഹായിൽ കയറ്റി നിർത്തി കൈവിരിച്ചു പിടിച്ചു നിൽക്കാൻ ആജ്ഞാപിച്ചു. ഞങ്ങൾ കൈവിരിച്ചു പിടിച്ചുനിൽക്കുമ്പോൾ വീണ്ടുമൊരു പൊറി വിടുന്ന ശബ്ദം എന്റെ ചെവിയിൽ മുഴങ്ങി. എത്ര പിടിച്ചു നിന്നിട്ടും എനിക്ക് ചിരി നിയന്ത്രിക്കാനായില്ല. എന്റെ ചിരി പൊട്ടി. പിന്നീടുണ്ടായ സംഭവമാണ് ഈ അനുഭവകഥ എഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

ഞാൻ മദ്ബഹായിൽ കൈവിരിച്ചു നിന്നിട്ടും ചിരിച്ചു എന്ന കാരണത്താൽ അജാനുബാഹുവായ വികാരിയച്ചൻ വന്നപാടെ എന്റെ ഇടതുകൈപ്പത്തിയുടെ ഭാഗത്ത് ആഞ്ഞ് രണ്ടടി. എന്റെ ചിരി അതോടെ അവസാനിച്ചു. കണ്ണിൽ ഇരുട്ടുകയറിയതായും ഏതാനും നിമിഷത്തേക്ക് ശ്വാസം നിലച്ചതായും എനിക്കനുഭവപ്പെട്ടു. ഞാനറിയാതെ നിക്കറിൽ മൂത്രവും ഒഴിച്ചു എന്ന് പിന്നീടെനിക്കു മനസ്സിലായി. അടിയുടെ ഊക്ക് എത്രമാത്രം വലുതായിരുന്നു എന്ന് വായനക്കാർക്ക് ഇതിൽ നിന്നും ഊഹിക്കാമല്ലോ. ഏതായാലും ഒരു പുണ്യമായ വേദിയിൽ അടികൊണ്ടു ഞാൻ മരിച്ചുവീണില്ല എന്നു പറഞ്ഞാൽ മതി. അത്ര വലിയ അടിയായിരുന്നു അത്. മരണത്തിൽ നിന്നും ഞാൻ

രക്ഷപ്പെട്ടിട്ടുള്ള നിരവധി സംഭവങ്ങളിൽ ഒന്നുമാത്രമാണിത്. ഒരുപക്ഷേ സമയവും സാഹചര്യവും കിട്ടിയാൽ മറ്റു പല സംഭവങ്ങളും എഴുതണമെന്നു ഞാനാഗ്രഹിക്കുന്നു. എന്താണെങ്കിലും അന്ന് എന്റെ കഥ കഴിഞ്ഞിരുന്നുവെങ്കിൽ ഈ സംഭവം എഴുതാൻ എനിക്കു കഴിയുമായിരുന്നില്ല. ഒരുപക്ഷേ എന്നെക്കൊണ്ട് ദൈവത്തിന് എന്തെങ്കിലും നല്ല പ്ലാനുകൾ ഉണ്ടെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

ഏതായാലും പുരോഹിതന്റെ അടി കിട്ടിയശേഷം ഞാൻ മനസ് തുറന്ന് ചിരിച്ചിട്ടില്ലെന്നു തന്നെ പറയാം. കുർബാന കഴിഞ്ഞ ശേഷം പുരോഹിതൻ എന്നെ പള്ളിമുറിയിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ തന്നു. കെട്ടിപ്പിടിച്ച് ചുംബിച്ചു. അടിച്ചതു ക്ഷമിക്കണമെന്നു പറഞ്ഞു. അതോടെ ബാലനായ എനിക്ക് സന്തോഷമായി. അന്നെനിക്കു ക്ഷമിക്കാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ, അതു മനസ്സിൽ വച്ചുകൊണ്ടിരുന്നെങ്കിൽ, അമേരിക്കയിൽ സ്കൂൾ കുട്ടികൾ ചെയ്യുന്നതുപോലെ ഞാൻ ഒരു കൊലപാതകി തന്നെ ആയിത്തീരാനും മേലായ്കയില്ല.

എനിക്കു തല്ലുകിട്ടിയ വിവരം വീട്ടിലെത്തുന്നതിനു മുമ്പേ എന്റെ പിതാവറിഞ്ഞു. കാരണം എന്റെ പിതാവ് പള്ളിയുമായി അടുത്ത ബന്ധമുള്ള ആളും സാമൂഹ്യരംഗത്ത് ആ നാട്ടിൽ അറിയപ്പെടുന്ന ആളുമായിരുന്നു. ഞാൻ വീട്ടിൽ ചെന്നപ്പോൾ എന്റെ വരവും കാത്ത് പിതാവ് കുട്ടികളെ മര്യാദ പഠിപ്പിക്കാൻ പ്രത്യേകം സൂക്ഷിച്ചു വച്ചിരുന്ന കാശാവിന്റെ വടി എടുത്തു. എന്താടാ പള്ളിയിൽ പോയി നീ പ്രശ്നമുണ്ടാക്കിയത് എന്നു ചോദിച്ചു. ഞാൻ അറിയാതെ ചിരിച്ചുപോയതാണേ എന്നു പറഞ്ഞു നിലവിളിച്ചു. ഇനിമേലാൽ പള്ളിയിൽ പോയാൽ ചിരിച്ചുപോകരുത് എന്നു പറഞ്ഞ് എനിക്കു കിട്ടാനുള്ള ഒരടി തുടയിൽത്തന്നെ പതിച്ചു. ഇല്ലേ എന്നു പറഞ്ഞു ഞാൻ നിലവിളിച്ചു.

ഇന്നത്തെക്കാലത്ത് വൈദികനും, എന്റെ പിതാവും നിയമത്തിനു മുമ്പിൽ കുറ്റക്കാരാണ്. ഒരു വൈദികൻ ഒരു കുട്ടിയെ അന്നു തല്ലിയതുപോലെ ഇന്നു പരസ്യമായി തല്ലിയാൽ ജയിൽശിക്ഷയായിരിക്കും പരിണതഫലം. അമേരിക്കയിലാണെങ്കിൽ മാതാപിതാക്കളും ശിക്ഷിക്കപ്പെടുമെന്നകാര്യത്തിൽ സംശയമില്ല.

അന്നത്തേക്കാലത്തു നിന്നും ഇന്ന് വൈദികർക്കും, സഭയ്ക്കും, മാതാപിതാക്കൾക്കുമെല്ലാം എത്രമാത്രം മാറ്റങ്ങൾ വന്നു എന്നു നമുക്കു കാണാൻ കഴിയും. വാസ്തവത്തിൽ സഭയിൽ ഉണ്ടായിരുന്ന കടുത്തനിയമങ്ങളാണ് പുരോഹിതനെയും എന്റെ പിതാവിനെയും കർക്കശക്കാരാക്കിയത് എന്നു ഞാൻ കരുതുന്നു. ഇന്ന് മക്കളാണ് മാതാപിതാക്കളെ നിയന്ത്രിക്കുന്നത്. അതുപോലെ തന്നെ പുരോഹിതരുടെ അപ്രമാദിത്വത്തിനു വരെ കടിഞ്ഞാൺ വന്നുകഴിഞ്ഞു. കാലം പോയ പോക്ക് ഞാനിവിടെ ഓർത്തുപോകുന്നു.

പണ്ടുകാലത്ത് പൊറി വിട്ടാൽ ചിരിക്കാൻ പാടില്ലായിരുന്നുവെങ്കിൽ ഇന്ന് ചെറുപ്പക്കാരുടെ ഇടയിൽ പൊറി ചിരിക്കാനുള്ള ഉപാധിയായി മാറിയിരിക്കുകയാണെന്ന് ഗൂഗിളിൽ പൊറിയുടെ ഇംഗ്ലീഷിലുള്ള FART എന്ന വാക്യം നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും.

അന്ന് എന്നെ തല്ലിയ പുരോഹിതൻ ഇന്നു ജീവിച്ചിരിപ്പില്ല എന്ന് അമേരിക്കയിലെത്തി കുറെ വർഷങ്ങൾക്കു ശേഷം മനസ്സിലാക്കാനെനിക്കു കഴിഞ്ഞു. എന്റെ വിശ്വാസമനുസരിച്ച് അദ്ദേഹത്തോടു ഞാൻ ക്ഷമിക്കുകയും ചെയ്തു. എന്റെ പിതാവും ഇന്നു ജീവിച്ചിരിപ്പില്ല. അദ്ദേഹം എന്നെ നല്ലരീതിയിൽ ശിക്ഷണത്തിൽ വളർത്തിയതിനാൽ കഴിവതും തെറ്റുകളിൽ ഉൾപ്പെടാതെ ജീവിക്കാൻ എനിക്കു കഴിയുന്നുണ്ട്. ഒരുപക്ഷേ അതായിരിക്കണം പിൽക്കാലത്ത് സത്യം, നീതി, ധർമ്മം എന്നിവയ്ക്കു വേണ്ടിനിലകൊള്ളാൻ എനിക്കുപ്രേരകമായതും, പിൽക്കാലത്ത് ശത്രുക്കൾ വരെ എന്നോട് ഇണങ്ങിച്ചേരാൻ ഇടയാക്കിയതും എന്ന് ഈ 2018-ലെ ഈസ്റ്റർ വേളയിൽ ഞാൻ കരുതുന്നു. എല്ലാം നല്ലതിനുവേണ്ടി എന്നു കരുതാം.